# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2236

## 05-02-2018 - ലെ മറുപടിക്ക്

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

| ചോദ്യം<br>**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) കോട്ടക്കൽ നിയോജകമണ്ഡലം മുൻ എം.എൽ.എ. ശ്രീ. അബ്ദുസമദ്സമദാനി തന്റെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്ന കോട്ടക്കൽ നഗരസഭയിലെ മഠത്തിൽ കോളനി റോഡ്, കുറ്റിപ്പുറം പഞ്ചായത്തിലെ വെള്ളാപറമ്പ് റോഡ് എന്നിവയ്ക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുൻ എം.എൽ.എ നൽകിയിരുന്ന കത്തുകൾ ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഭരണവകുപ്പ് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ; | അംഗീകാരം നൽകിയിട്ടില്ല. പരിശോധിച്ചിട്ടുണ്ട്. എന്നാൽ ഭരണ വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. |
| ബി) ഇക്കാര്യത്തിൽ 28.10.2017 ന് ധനകാര്യ വകുപ്പിന് നൽകിയിരുന്ന കത്തിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | 28.10.2017 തീയതിയിലെ കത്ത് ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും, 7.09.2017ലെ 69/2017/ധന നമ്പർ ഉത്തരവ് പ്രകാരം പഴയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ട 31.10.2017 എന്ന സമയപരിധി കഴിഞ്ഞ സാഹചര്യത്തിൽ, ടി ശുപാർശ പരിഗണിക്കാൻ നിർവാഹമില്ല എന്ന വിവരം ബഹു. എം.എൽ.എ-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) മുൻ എം.എൽ.എ യഥാസമയം ഭരണവകുപ്പിന് കത്ത് നൽകിയിരുന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സമയബന്ധിതമായി പ്രൊപ്പോസലുകൾ എസ്റ്റിമേറ്റ് സഹിതം ലഭ്യമാക്കിയെങ്കിൽ മാത്രമേ ആയത് പരിശോധിച്ച് അനുമതി നൽകാൻ കഴിയൂ. ടി പ്രൊപ്പോസലുകളിൽ ശുപാർശകൾ പരിശോധിച്ച് അർഹമാണെങ്കിൽ മാത്രമേ പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**